(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രവൃത്തിക്ക് എന്നേക്ക് ഭരണാനുമതി നൽകാനാകുമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനുള്ള പദ്ധതിയില്ല.

(ബി) ഇല്ല.

(സി & ഡി) ബാധകമല്ല.

താനൂർ നിയോജകമണ്ഡലത്തിലെ മഞ്ഞമ്മാട് പാലത്തിന്റെ നിർമ്മാണം

231 (4685) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജകമണ്ഡലത്തിലെ മഞ്ഞമ്മാട് പാലത്തിന്റെ നിർമ്മാണം എന്നാണ് പൂർത്തിയായത് ;

(ബി) പാലം നിർമ്മാണത്തിന് ഇതിനകം ചെലവഴിച്ച തുക എത്ര ;

(സി) പാലത്തിന്റെ പ്രവൃത്തി ഏതു ഏജൻസിയാണ് ഏറ്റെടുത്ത് നടത്തിയത് ;

(ഡി) പുതുപറമ്പ് ഭാഗത്തെ അപ്രോച്ച് റോഡിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ ;

(ഇ) വേങ്ങര ഭാഗത്തെ അപ്രോച്ച് റോഡിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണ് ;

(എഫ്) പ്രസ്തുത അപ്രോച്ച് റോഡിന്റെ സ്ഥലത്തിനുള്ള സമ്മതപത്രം ഭൂവുടമകളിൽ നിന്ന് ഡിപ്പാർട്ടുമെന്റ് നേരത്തെ വാങ്ങിയിരുന്നോ ; എങ്കിൽ ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സമെന്തെന്ന് വ്യക്തമാക്കുമോ ;

(ജി) രണ്ട് കോടിയോളം രൂപ ചെലവിട്ട് പാലവും 90%-ൽ അധികം അപ്രോച്ച് റോഡിന്റെ പ്രവൃത്തിയും പൂർത്തിയാക്കിയിട്ടും പാലം ഗതാഗതത്തിന് തുറന്നുകൊടുക്കാൻ കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ;

(എച്ച്) ആവശ്യമെങ്കിൽ ഒരു മന്ത്രിതല യോഗം വിളിച്ച് പ്രശ്നം ചർച്ച ചെയ്യുമോ ; അടിയന്തരമായി പാലം ഗതാഗതത്തിന് തുറന്നു കൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) പാലം നിർമ്മാണത്തിന് ഇതിനകം 1,59,97,112 രൂപ ചെലവഴിച്ചു.

(സി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് പ്രവൃത്തി ചെയ്യുന്നത്.

(ഡി) സ്ഥലം ലഭ്യമാകാത്തതിനാൽ പൂർത്തിയായിട്ടില്ല.

(ഇ) പാർശ്വഭിത്തിയുടെ പണിയും മണ്ണ് നിറയ്ക്കലും നടന്നുകൊണ്ടിരിക്കുന്നു.

(എഫ്) സ്ഥലം അക്വയർ ചെയ്യുന്നതിനുവേണ്ടി മുൻകൂർ സമ്മതപത്രം വാങ്ങിയിരുന്നു. എന്നാൽ ഭൂമി പൊന്നുവിലയ്ക്കെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല.

(ജി) അപ്രോച്ച് റോഡുകളുടെ പണി പൂർത്തിയാകുന്ന മുറയ്ക്ക് പാലം ഗതാഗതത്തിന് തുറന്നുകൊടുക്കാനാവും.

(എച്ച്) 13-7-2010-ൽ കൂടിയ മലപ്പുറം ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് പണികളുടെ അവലോകന യോഗത്തിൽ ഈ കാര്യം ധനകാര്യ വകുപ്പുമന്ത്രി ചർച്ച ചെയ്യുകയുണ്ടായി.

കണ്ണൂർ ജില്ലയിലെ മാട്ടൂൽ - മടക്കര പാലം നിർമ്മാണം

232 (4586) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂൽ-മടക്കര പാലം നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കുമോ ;

(ബി) പാലം നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാനാവും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പാലം നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) P6 & P7 ഒഴിച്ച് ഫൗണ്ടേഷൻ പൂർത്തിയായി. അബട്ട്മെന്റ് തൂണുകളുടെ പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) പാലം 31-3-2011-നുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly